നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/20 തീയതി.06.10.2022

സർക്കുലർ

പ്രിയപ്പെട്ട റിസോഴ്സ് പേഴ്സൺ,

പുതുതായി തെരഞ്ഞെടുക്കപ്പെട്ട സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ പരിശീലനം ഇതിനകം പൂർത്തിയായിക്കഴിഞ്ഞു. വിവിധ കേന്ദ്രങ്ങളിലായി നടന്ന നാല് ദിവസത്തെ ക്ലാസ്റൂം പരിശീലനത്തിന്റെ തുടർച്ചയായി ഒരു ദിവസത്തെ ഫീൽഡ്തല പരിശീലനം, അതത് ബ്ലോക്കടിസ്ഥാനത്തിൽ സംഘടിപ്പിക്കേണ്ടതുണ്ട്. ബ്ലോക്ക് റിസോഴ്സ് പേഴ്സൺ/ബി.ആർ.പി. ഇൻ-ചാർജ്ജ്മാരുടെ നേതൃത്വത്തിലായിരിക്കണം ഫീൽഡ്തല ഏകദിന പരിശീലനം ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടത്. പരിശീലനം പൂർത്തിയാക്കിയ പുതിയ വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ ബ്ലോക്കടിസ്ഥാനത്തിലുള്ള ലിസ്റ്റ് (പേരും, വിലാസവും ഫോൺ നമ്പരും ഉൾപ്പെടെ) അയച്ചു തരുന്നതാണ്. പുതുതായി നിയമനം ലഭിച്ച വില്ലേജ് റിസോഴ്സ്പേഴ്സൺമാരെ 5-6 പേരടങ്ങിയ ബാച്ചുകളായി തിരിച്ച് അതത് ബ്ലോക്കിലെ ഏതെങ്കിലും ഗ്രാമപഞ്ചായത്തിൽ വച്ചായിരിക്കണം ഫീൽഡ് തല പരിശീലനം സംഘടിപ്പിക്കേണ്ടത്. ഇതിനായി ജില്ലയിൽ ഒരു ഫീൽഡ്തല പരിശീലന പ്ലാൻ തയ്യാറാക്കുകയും അത് എസ്.എ.യു.വിലേക്ക് അറിയിക്കുകയും വേണം.

ഫീൽഡ്തല പരിശീലനത്തിനായി നിശ്ചയിക്കപ്പെട്ട ഗ്രാമപഞ്ചായത്തിന് (പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവരെ) ഇതു സംബന്ധിച്ച അറിയിപ്പ് മുൻകൂട്ടി നൽകേണ്ടതാണ്. രാവിലെ 10 മണിമുതൽ വൈകീട്ട് 5 മണിവരെ നീണ്ടുനിൽക്കുന്നതാണ് ഫീൽഡ് പരിശീലനം. രാവിലെ മുതൽ ഉച്ചവരെ നിശ്ചയിക്കപ്പെട്ട ഗ്രാമപഞ്ചായത്ത് ഓഫീസ് സന്ദർശനവും ബന്ധപ്പെട്ട വിവിധ വിഭാഗങ്ങളുമായുള്ള കൂടിക്കാഴ്ചയും തുടർന്ന് എം.ജി.എൻ.ആർ.ഇ.ജി.എസ്. സെക്ഷനിൽ സൂക്ഷിച്ചിട്ടുള്ള വിവിധ ഫയലുകൾ, മറ്റ് രേഖകൾ എന്നിവ നേരിൽ കണ്ട് മനസ്സിലാക്കുന്നതിനും അവസരം ഒരുക്കണം. ഉച്ചയ്ക്കു ശേഷം 2 മണിമുതൽ 5 മണിവരെ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ വ്യത്യസ്ത രീതിയിലുള്ള വിവിധ പ്രവൃത്തികൾ നേരിൽ കണ്ട് മനസ്സിലാക്കുന്നതിന് സൗകര്യപ്രദമായ സ്ഥലങ്ങൾ അക്രഡിറ്റഡ് എഞ്ചിനീയറിംഗ് ടീമിന്റെ കൂടി സഹായത്തോടെ സന്ദർശിക്കേണ്ടതാണ്. ഇത്തരം സന്ദർശനത്തിലൂടെ പ്രവൃത്തികളുടെ അളവുകളുമായി ബന്ധപ്പെട്ട പ്രായോഗിക പരിജ്ഞാനം നേടുന്നതിന് പുതിയ വി.ആർ.പി.മാർക്ക് അവസരമൊരുക്കണം.

ബ്ലോക്ക് റിസോഴ്സ്പേഴ്സൺ/ ബി.ആർ.പി.ഇൻ-ചാർജ്ജ് ഇല്ലാത്ത ബ്ലോക്കുകളിൽ ഫീൽഡ് പരിശീലനത്തിനാവശ്യമായ ക്രമീകരണം ജില്ലാ റിസോഴ്സ് പേഴ്സൺ പ്രത്യേകമായി ഏർപ്പെടുത്തുകയും അടുത്ത ബ്ലോക്കിലെ ബി.ആർ.പി/ബി.ആർ.പി ഇൻ-ചാർജ്ജിനെ ചുമതലപ്പെടുത്തുകയും വേണം. ജില്ലയിലെ ഫീൽഡ് പരിശീലനം ഒക്ടോബർ 15-നകം പൂർത്തിയാക്കാൻ കഴിയുംവിധം പ്ലാൻ ചെയ്ത് നടപ്പിലാക്കി ഇതു-സംബന്ധിച്ച റിപ്പോർട്ട് ഡി.ആർ.പിമാർ ഇതോടൊപ്പമുള്ള പ്രഫോർമയിൽ തയ്യാറാക്കി സോഷ്യൽ ഓഡിറ്റ് യൂണിറ്റിലേക്ക് അയച്ചുതരണം. ഫീൽഡ് സന്ദർശനവും പഠനപരിപാടിയും വിജയകരമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ഡോ.എൻ.രമാകാന്തൻ
ഡയറക്ടർ

കോപ്പി:
1. എല്ലാ ജില്ലാറിസോഴ്സ് പേഴ്സൺമാർക്കും
2. എല്ലാ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കും
3. എല്ലാ ബി.ആർ.പി.ഇൻ-ചാർജ്ജ്മാർക്കും (ജില്ലാ റിസോഴ്സ് പേഴ്സൺ മുഖേന)